TRACT No : SH - 2

# "ARE YOU INSURED?"

# "താങ്കൾ ഇൻഷ്വർ ചെയ്തിട്ടുണ്ടോ ?"

"ഇൻഷ്വറൻസ്" എന്ന വാക്ക് എല്ലാവർക്കും സുപരിചിതമാണല്ലോ? നിത്യജീവിതത്തിൽ അനേക കാര്യങ്ങൾക്ക് ഇൻഷ്വർ ചെയ്യുന്നു. ജീവന് (Life Insurance), സാധനങ്ങൾക്ക് (Goods Insurance), വാഹനങ്ങൾക്ക് (Vehicle Insurance), വാഹനാപകടത്തിന് (Third Party Insurance), തീപിടുത്തത്തിന് (Fire Insurance), കടലിൽ കൂടിയുള്ളതിന് (Marine Insurance), രോഗചികിത്സയ്ക്ക് (Health Insurance), തപാൽ സാധനങ്ങൾക്ക് (Postal Insurance). ഈവിധം ഇൻഷ്വറൻസിന്റെ നീണ്ട നിര തന്നെയുണ്ട്. എന്നാൽ ഒരു മനുഷ്യന്റെ മരണശേഷം നിത്യതയിലുള്ള ജീവിതത്തിന് ഇൻഷ്വർ ചെയ്യാമോ? ലോകവ്യവസ്ഥിതി പ്രകാരം ഇത് സാദ്ധ്യമല്ല എന്ന് ഉത്തരം ലഭിക്കുമ്പോൾ ദൈവവചനമായ ബൈബിളിൽ ഈ ഇൻഷ്വറൻസ് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇത് ഭൂമിയിലുള്ള ഏതെങ്കിലും ഭരണകൂടത്തിന്റെയോ വ്യക്തികളുടെയോ നിയന്ത്രണത്തിലുള്ളതല്ല. ഈ ലോകത്തെയും ചരാചരങ്ങളെയും മനുഷ്യനെയും സൃഷ്ടിച്ച സർവ്വശക്തനായ ദൈവമാണ് ഇതിന്റെ ഉടമസ്ഥൻ. ഈ ദൈവം വ്യവസ്ഥ ചെയ്തിരിക്കുന്ന ഇൻഷ്വറൻസ് ആണ് കർത്താവായ യേശുക്രിസ്തുവിൽ കൂടിയുള്ള **"നിത്യജീവന്റെ ഇൻഷ്വറൻസ്"**. ഈ ഇൻഷ്വറൻസിന് വളരെയേറെ പ്രത്യേകതകളുണ്ട്. ഇൻഷ്വറൻസ് ആവശ്യമുള്ള വ്യക്തിതന്നെ അപേക്ഷിക്കണം. മറ്റാരും ഈ വ്യക്തിക്കുവേണ്ടി അപേക്ഷിച്ചാൽ ലഭിക്കുകയില്ല. ഡോക്ടറുടെ പരിശോധനാസർട്ടിഫിക്കറ്റ് ആവശ്യമില്ല. മരണകരമായ രോഗം പിടിപെട്ടു, മരണത്തെ അഭിമുഖീകരിക്കുന്ന വ്യക്തിക്കും ഇൻഷ്വർ ചെയ്യാം. പ്രായഭേദമില്ലാതെ എല്ലാവർക്കും ലഭിക്കും. ഇൻഷ്വർ ചെയ്യുന്നതിന് കാലയളവില്ല. അതായത് നിത്യത മുഴുവൻ ഇതിന് കാലദൈർഘ്യം ഉണ്ടായിരിക്കും. ഇൻഷ്വറൻസ് അപേക്ഷിക്കുവാനും ലഭിക്കുവാനും ഒരു ഇൻഷ്വറൻസ് കമ്പനിയിലും പോകേണ്ടാ, കാത്തിരിക്കുകയും വേണ്ടാ. ഏജന്റുമാരുടെ ആവശ്യമേയില്ല! പണം അടയ്ക്കേണ്ടാത്തതിനാൽ തവണ മുടക്കത്തിന് നോട്ടീസ് വരികയില്ല, ലാപ്സ് ആകുകയില്ല!!

**താങ്കൾ കർത്താവായ യേശുക്രിസ്തുവിൽ കൂടിയുള്ള നിത്യജീവന്റെ ഇൻഷ്വറൻസ് എടുത്തിട്ടുണ്ടോ?** ഈ നിമിഷം തന്നെ ദൈവത്തോട് അപേക്ഷിച്ചു നേടുക. പിന്നീടാകട്ടെ എന്നു ചിന്തിച്ചാൽ ഓർക്കുക, അടുത്ത നിമിഷം താങ്കൾക്കുള്ളതല്ല. മർത്യശരീരം മണ്ണിലേക്കു തന്നെ ഒരു ദിവസം തിരികെ ചേരും. ആത്മാവു അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും. യേശുക്രിസ്തുവിൽ വിശ്വസിച്ചു നിത്യജീവൻ പ്രാപിക്കാതെ മരിക്കുകയാണെങ്കിൽ മരണശേഷം നിത്യനരകത്തിൽ ചെന്നെത്തും. യാതനാസ്ഥലത്തു കിടന്നു അന്ന് കരഞ്ഞിട്ട് പ്രയോജനമില്ല. അയ്യോ.......ആ കെടാത്ത തീപ്പൊയ്കയിലേക്ക് അറിയാതെ യാത്ര ചെയ്യുന്ന ഈ നിമിഷത്തിൽ ഒന്നു ശ്രദ്ധിക്കൂ......."*എല്ലാറ്റിന്റെയും സാരം കേൾക്കുക: ദൈവത്തെ ഭയപ്പെട്ടു, അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക; അതു ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നതു. ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തിയെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ"(സഭാ.12:13,14).* യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ന്യായവിധിയില്ല. *"ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല."(യോഹ.3:18/ റോമ.8:1) "ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത*

[മറുപുറം]

*ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും"(വെളി.20:15)* ആകയാൽ താങ്കളുടെ ആത്മാവിന്റെ ഇൻഷ്വറൻസ് ഈ ലോകത്തിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ എടുക്കണം. അതിനായി ധനമോ, നേർച്ചയോ, കാഴ്ചയോ, കർമ്മങ്ങളോ ആവശ്യമില്ല. മതംമാറ്റമോ, പേര് മാറ്റമോ, സഭ മാറ്റമോ ആവശ്യമില്ല. മരിച്ചുകഴിഞ്ഞാൽ ബന്ധുക്കളോ പ്രിയപ്പെട്ടവരോ, ആത്മാവിനുവേണ്ടി എത്ര പ്രാർത്ഥിച്ചാലും ബലി, പൂജ, കൂദാശ, കർമ്മങ്ങൾ തുടങ്ങിയവ നടത്തിയാലും പ്രയോജനമില്ല. ദൈവം താങ്കളുടെ സമീപേ ഉണ്ട്. വിശ്വാസത്തോടെ അപേക്ഷിച്ചാൽ ഈ നിമിഷത്തിൽത്തന്നെ രക്ഷ സൗജന്യമായി പ്രാപിക്കാം.

**നിത്യജീവന്റെ ഇൻഷ്വറൻസ് ലഭിക്കുവാൻ എന്തുവേണം?** മനുഷ്യരെല്ലാം പാപികളാണ്. പാപിക്കു നിശ്ചയിച്ചിരിക്കുന്ന ശിക്ഷ നരകയാതനയാണ്. ഈ ശിക്ഷയിൽ നിന്നും മനുഷ്യവർഗ്ഗത്തെ വിടുവിക്കുവാനായി സ്വർഗ്ഗത്തിൽ അധിവസിച്ചിരുന്ന ദൈവമായ യേശുക്രിസ്തു ലോകത്തിലേക്കു വന്നു. മാനവജാതിയുടെ മുഴുവൻ പാപവും വഹിച്ചുകൊണ്ടു ക്രൂശിൽ മരിച്ചു, അടക്കപ്പെട്ടു, മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു, തന്നിൽ വിശ്വസിക്കുന്നവരെ രക്ഷിക്കാനായി,ഇന്ന് സ്വർഗ്ഗത്തിൽ ജീവിക്കുന്നു. പാപങ്ങൾ ഏറ്റുപറഞ്ഞു, ഉപേക്ഷിച്ചു, യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്ന വ്യക്തി നരകത്തിൽ പോകുന്നില്ല. ആ വ്യക്തിക്ക് നിത്യജീവൻ ലഭിക്കുന്നു.

പ്രിയ സ്നേഹിതാ, താങ്കൾ ഈ നിത്യജീവന്റെ ഇൻഷ്വറൻസ് ലഭിച്ച്, തീപ്പൊയ്കയിൽ നിന്നു വിടുതൽ പ്രാപിച്ച്, ദൈവത്തോടൊപ്പം നിത്യസന്തോഷത്തിൽ കഴിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ താഴെ പറയുന്ന അപേക്ഷ വിശ്വാസത്തോടെ പ്രാർത്ഥിക്കുക: *"യേശുകർത്താവേ, ഞാൻ ഒരു പാപിയാണ്; എന്റെ പാപങ്ങൾ ക്ഷമിക്കേണമേ. എന്റെ പാപപരിഹാരത്തിനായി അങ്ങ് കാൽവറിക്രൂശിൽ മരിച്ചു, അടക്കപ്പെട്ടു, മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു എന്നു ഞാൻ ഹൃദയംകൊണ്ട് വിശ്വസിക്കുന്നു. അങ്ങയെ ഞാൻ എന്റെ കർത്താവും രക്ഷിതാവും ആയി സ്വീകരിക്കുന്നു. തുടർന്നുള്ള എന്റെ ഈ ലോക ജീവിതം അങ്ങയിൽ മാത്രം ആശ്രയിച്ചു ജീവിക്കുവാൻ ഞാൻ തീരുമാനിക്കുന്നു."*

പ്രിയ മിത്രമേ, ഈ പ്രാർത്ഥന വിശ്വാസത്തോടെ പ്രാർത്ഥിച്ചു എങ്കിൽ നിത്യജീവന്റെ ഇൻഷ്വറൻസ് ലഭിച്ചിരിക്കുന്നു. ഒരു ദൈവമകനായി, നിത്യജീവന്റെ അവകാശിയായിത്തീർന്നിരിക്കുന്നു. തുടർന്ന് ദൈവം എല്ലാവിധ നന്മകളാലും സമൃദ്ധിയായി അനുഗ്രഹിക്കുകയും വഴിനടത്തുകയും ചെയ്യുമാറാകട്ടെ.

*യേശുക്രിസ്തുവിൽ കൂടിയുള്ള രക്ഷയെക്കുറിച്ച് കൂടുതൽ അറിയുവാനും സുവിശേഷപുസ്തകങ്ങൾ, ബൈബിൾ (പുതിയനിയമം) എന്നിവ സൗജന്യമായി ലഭിക്കുന്നതിനും, താങ്കൾക്കായി പ്രാർത്ഥിക്കുന്നതിനും ദയവായി താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെട്ടാലും.*

Samson Henry
Zion
Aradhana Nagar - 22
Behind Sanker's Hospital,
Kollam - 691 001
(സാംസൺ ഹെൻറി, സീയോൻ, ആരാധന നഗർ -22, കൊല്ലം - 691 001)
Phone: 0474-2741115, E-mail: biblegoodnews@gmail.com
Web: biblegoodnews.com